**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **28-07-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പിൻ കീഴിൽ ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധന സഹായം നൽകുന്നു. |
| (ബി) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ വഴി ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സാ സഹായം കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ സ്കീമിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ധന സഹായം അനുവദിച്ചു വരുന്നു. കൂടാതെ 08.01.2016 ലെ സ.ഉ.സാധാ നം. 129/2016 പ്രകാരം 34 ആശുപത്രികളേയും പക്ഷാഘാത ചികിത്സയ്ക്ക് വേണ്ടി 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളേയും കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ സ്കീം വഴി എത്ര രൂപവരെ ധസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | സൊസൈറ്റി, അംഗീകൃത ആശുപത്രികളുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകി വരുന്നു. |
| (ഇ) | ഏത് ദിവസം വരെ സമർപ്പിച്ച അപേക്ഷകൾക്കാണ് ചികിത്സ സഹായം ലഭ്യമാക്കിയത്; ലഭിച്ച അപേക്ഷകൾക്ക് മുഴുവൻ എത്രയും വേഗം ചികിത്സ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഇ) | ഫെബ്രുവരി 2020 വരെ ലഭ്യമായ അപേക്ഷകൾക്കാണ് നിലവിൽ ധന സഹായം നൽകിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്കനുസരിച്ച് നിലവിലുള്ള അപേക്ഷകൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നൽകുന്നതിനുള്ള ചികിത്സകളും ശസ്ത്രക്രിയകളും ചുവടെ ചേർക്കുന്നു.

1. മസ്തിഷ്ക ശസ്ത്രക്രിയ
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ
3. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
4. കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ
5. പേസ് മേക്കർ സ്ഥാപിക്കൽ
6. ആഞ്ജിയോ പ്ലാസ്റ്റി
7. കാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ )
8. ഡയാലിസിസ്
9. ട്യൂമർ റിമൂവൽ
10. അസ്ഥിസംബന്ധമായ ശസ്ത്രക്രിയകൾ - റിസക്ഷനും പ്രൊസ്തസിസും , ലംബാർ തൊറാസിക്ക് , വെർട്ടിബ്രൽ അസ്ഥികളിലെ ട്യൂമർ ,കാൽമുട്ട് മാറ്റിവെയ്ക്കൽ
11. സിക്കിൾ സെൽ അനീമിയ
12. ഗില്ലൻബാരി സിൻഡ്രോം
13. ഹിപ്പ് റീപ്ലേസ്മെന്റ് സർജ്ജറി
14. ഹിസ്റ്ററക്ടമി
15. വന്ധ്യതാചികിത്സാ
16. ക്രോണിക് ലിവർ ഡിസീസ്

സെക്ഷൻ ഓഫീസർ